തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.18642/26/EST-A

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
18.11.2026

സർക്കുലർ

വിഷയം:ക്ഷേത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നിശ്ചിത സമയത്തിനകം തന്നെ നൽകുന്നത് സംബന്ധിച്ച്

ക്ഷേത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിരമിക്കൽ തീയതിയിൽ തന്നെ നൽകുന്നതിനായി ഇതിനോടകം ധാരാളം ഉത്തരവുകളും സർക്കുലറുകളും ബോർഡിൽ നിന്നും ദേവസ്വം കമ്മീഷണറാഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ക്ഷേത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ നൽകുവാൻ ബന്ധപ്പെട്ടവർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

വിരമിക്കൽ തീയതിയിൽ തന്നെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ക്ഷേത്ര ജീവനക്കാർ വിരമിക്കുന്നതിന് രണ്ടുവർഷം ശേഷിക്കുമ്പോൾ സർവീസ് ബുക്കുകൾ ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർക്കും ബന്ധപ്പെട്ട അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർക്കും പരിശോധനയ്ക്കായി അയക്കേണ്ടതും ആയതു സമയബന്ധിതമായി പരിശോധിച്ച് തിരികെ അയക്കേണ്ടതുമാണ്.

എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാരുടെ സർവ്വീസ് ബുക്ക് വിരമിക്കുന്നതിന് ഒരു വർഷം മുൻപ് പരിശോധനയ്ക്കായി കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റിന് അയയ്ക്കണമെന്ന നിലവിലെ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണ്.

പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഗൗരവമായി കാണുന്നതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്തല അച്ചടക്കനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും

ദേവസ്വം കമ്മീഷണർ

പകർപ്പ്:

1.ബന്ധപ്പെട്ട എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും-അറിവിനും അനന്തര നടപടിയ്ക്കുമായി

2.ഐ.റ്റി.സെക്ഷൻ

3.സെക്ഷൻ ഫയൽ